(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര പേർക്ക് പി. എസ്. സി. നിയമനം ലഭിച്ചു;

(ബി) 1996-2001 ഗവൺമെന്റിന്റെ കാലത്ത് എത്ര പേർക്ക് പി. എസ്. സി. വഴി നിയമനം ലഭിച്ചിട്ടുണ്ട്.

(സി) വി. എച്ച്. എസ്., എസ്. സി. പി. എസ്. സി; സെക്രട്ടറിയേറ്റ് ഹയർ സെക്കന്ററി എന്നിവിടങ്ങളിലുള്ള വേക്കൻസികൾ അടയന്തിരമായി അഡ്വൈസ് ചെയ്യാൻ നിർദ്ദേശം നൽകുമോ?

ഉത്തരം

(എ—സി) വിവരം ശേഖരിച്ചുവരുന്നു.

രജിസ്റ്റർ ചെയ്ത ക്രിമിനൽ കേസ്സുകളുടെ എണ്ണം

49. [49] ശ്രീ. പി. എസ്. സുപാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2001 ജൂൺ മുതൽ 2005 ഡിസംബർ 31 വരെ സംസ്ഥാനത്ത് എത്ര ക്രിമിനൽ കേസ്സുകൾ രജിസ്റ്റർ ചെയ്തു; ഇതിൽ തെളിയിക്കപ്പെടാത്ത കേസ്സുകളുടെ എണ്ണം എത്ര;

(ബി) ഇതിൽ കൊലപാതകങ്ങൾ, രാഷ്ട്രീയ കൊലപാതകങ്ങൾ, ബലാത്സംഗങ്ങൾ, സ്ത്രീധന പീഡനം, സ്ത്രീകളെ തട്ടിക്കൊണ്ടുപോകൽ, കുട്ടികളെ തട്ടിക്കൊണ്ടുപോകൽ, പിടിച്ചുപറി, കവർച്ച, ആരാധനാലയങ്ങൾ കവർച്ച, മോഷണം, ഭവനഭേദനം, റാഗിംങ്ങ് കേസ്സുകൾ, അഴിമതി കേസുകൾ, പോലീസ് ഉദ്യോഗസ്ഥർക്കെതിരെയുള്ള കേസുകൾ എന്നിവ ഓരോന്നും എത്രയെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) 694388 തെളിയിക്കപ്പെടാത്തവ-34404

(ബി) വിവരം ശേഖരിച്ചു വരുന്നു.

സംസ്ഥാനത്ത് കഴിഞ്ഞ അഞ്ചു വർഷത്തിനിടയിലുണ്ടായ പോലീസ് അതിക്രമങ്ങൾ

50. [50] ശ്രീ. എൻ. രാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കഴിഞ്ഞ അഞ്ചു വർഷത്തിനിടയിൽ എത്ര ലാത്തി ചാർജ്ജുകൾ നടത്തിയിട്ടുണ്ട്;

(ബി) എത്ര പോലീസ് വെടിവെപ്പുകൾ ഉണ്ടായി എന്ന് അറിയിക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly